# R1-5001/2011

**"ഭരണ ഭാഷ - മാതൃഭാഷ"**


ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയം,തൃശ്ശൂർ
പിൻ : 680003
ഫോൺ :0487-2361237
ഇ-മെയിൽ :dectsr.exc@kerala.gov.in, dcxtsr@gmail.com


തീയതി :04.10.2021

## Appendix H4

**നോട്ടീസ്**

ശ്രീ.ജസ്റ്റിൻ.സി.പോൾ,സിവിൽ എക്സൈസ് ഓഫീസർ,എക്സൈസ് റേഞ്ച് ഓഫീസ് മാള എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരളാ സിവിൽ സർവ്വീസുകൾ(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന താങ്കളുടെ വിശദീകരണം സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള **കാരണം കാണിക്കൽ നോട്ടീസ്** 14.09.2021 തീയ്യതിയിലെ ആർ1-5001/2011 നം.പ്രകാരം താങ്കളുടെ *ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽവിലാസത്തിലയച്ചിരുന്നതും,ആയത് കൈപ്പറ്റാതെ* 'Addressee left from India' എന്ന് രേഖപ്പെടുത്തി ഈ ഓഫീസിൽ 24.09.2021 തീയ്യതി തിരികെ ലഭിച്ചിട്ടുള്ളതുമാണ്.

ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയ്യതി മുതൽ 15 ദിവസത്തിനകം താങ്കൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിന് ലിഖിതമായ മറുപടിയോ,വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന് അനുമാനിക്കുന്നതും,ടി നോട്ടീസിനനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.ടി കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുമ്പ് തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ ആയത് ലഭിക്കേണ്ടതായ താങ്കളുടെ മേൽവിലാസം നല്കികൊണ്ട് താങ്കൾ നല്കുന്ന അപേക്ഷയിൻമേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

EXCISE DIVISION OFFICE THRISSUR

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
തൃശ്ശൂർ

പകർപ്പ്

ശ്രീ.ജസ്റ്റിൻ.സി.പോൾ, S/o പൌലോസ്.സി.വി, ചേപ്പാല വീട്, ഒക്കൽ പി.ഒ, എറണാകുളം ജില്ല, പിൻ-683 550

**R1-5001/2011**

**"ഭരണ ഭാഷ - മാതൃഭാഷ"**

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയം,തൃശ്ശൂർ
പിൻ : 680003
ഫോൺ :0487-2361237
ഇ-മെയിൽ :dectsr.exc@kerala.gov.in, dcxtsr@gmail.com
തീയതി :14.09.2021

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം-എക്സൈസ് ജീവനക്കാര്യം- അനധികൃത ഹാജരില്ലായ്മ- തൃശ്ശൂർ എക്സൈസ് ഡിവിഷനിലെ മാള എക്സൈസ് റേഞ്ച് ഓഫീസിൽ ലാവണമുള്ള സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ജസ്റ്റിൻ.സി.പോളിനെതിരായ അച്ചടക്ക നടപടി-സർക്കാർ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനായിട്ടുള്ള താത്ക്കാലിക തീരുമാനം അറിയിക്കുന്നത്-സംബന്ധിച്ച്

സൂചന- 1. കേരള സർക്കാരിന്റെ 26.09.2006 തീയ്യതിയിലെ ജി.ഒ.(ആർ.ടി) 580/2006/ടി.ഡി നം.ഉത്തരവ്

2. ബഹു.എക്സൈസ് കമ്മീഷണറുടെ 06.03.2018 തീയ്യതിയിലെ എക്സ്.ഇ8/23193/2011 നം. കത്ത്

3. ഈ ഓഫീസിലെ 23.03.2018 തീയ്യതിയിലെ ഇതേ നം.ഉത്തരവ്

4.15.11.2018 തീയ്യതിയിലെ ഇതേ നം. കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക

5.ഈ ഓഫീസിലെ 11.02.2019 തീയ്യതിയിലെ ഇതേ നം.കത്ത്

6. ഈ ഓഫീസിലെ 01.06.2020 തീയ്യതിയിലെ ഇതേ നം.ഉത്തരവ്

7.അസി.എക്സൈസ് കമ്മീഷണറുടെ 31.05.2021 തീയ്യതിയിലെ എ.ഇ.സി.ടി.എസ്.ആർ 11/2019 നം. അന്വേഷണ റിപ്പോർട്ട്.

ശ്രീ.ജസ്റ്റിൻ.സി.പോൾ, S/o പൌലോസ്.സി.വി, ചേപ്പാല വീട്, ഒക്കൽ പി.ഒ, എറണാകുളം ജില്ല, പിൻ-683 550 എന്ന താങ്കളെ അറിയിക്കുന്നത്.

ജസ്റ്റിൻ.സി.പോൾ എന്ന താങ്കൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസിലെ 20.06.2003 തിയതിയിലെ RIV(3)1607/91 നമ്പർ നിയമനോപദേശക്കത്ത് പ്രകാരം തൃശ്ശൂർ അസ്സിസ്റ്റൻറ് എക്സൈസ് കമ്മീഷണറുടെ 05.07.2003 തിയതിയിലെ R1-4360/91 നമ്പർ നിയമന ഉത്തരവ് അനുസരിച്ച് തൃശ്ശൂർ എക്സൈസ് ഡിവിഷനിലെ ചാലക്കുടി എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ് ഗാർഡ് ആയി നിയമിതനാവുകയും, 14.07.2003 തിയതി

ചാലക്കുടി എക്സൈസ് റേഞ്ച് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ഇരിഞ്ഞാലക്കുട എക്സൈസ് റേഞ്ച് ഓഫീസിൽ ജോലി ചെയ്തു വരവെ മെച്ചപ്പെട്ട മറ്റൊരു ജോലിയിലേർപ്പെടുന്നതിനു വേണ്ടി വിദേശത്ത് പോകുന്നതിനായി KSR Part I Appendix XII A പ്രകാരം സൂചന 1 ഉത്തരവ് അനുസരിച്ച് 01.10.2006 തിയതി മുതൽ 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചു. സൂചന 1 ഉത്തരവ് പ്രകാരം ശൂന്യവേതനാവധിയിലായിരുന്ന താങ്കൾ, പ്രസ്തുത ശൂന്യവേതനാവധി 01.10.2011 തീയ്യതി മുതൽ 5 വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി 20.07.2011 തീയ്യതിയായിട്ടുള്ള അപേക്ഷ മാള എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ മുഖാന്തിരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ച് ലഭിച്ചിരുന്നില്ലാത്ത സാഹചര്യത്തിലും താങ്കൾ 01.10.2011 തീയ്യതി മുതൽ തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ലാത്തതാണ്.

ഇപ്രകാരം അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് ലഭിക്കാതെ വിദേശത്ത് അനധികൃതമായി ജോലി ചെയ്തു വരുന്ന താങ്കൾക്കെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസ് 1960 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന 2 പ്രകാരം ബഹു.എക്സൈസ് കമ്മീഷണർ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. സൂചന 2 കത്ത് പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് സൂചന 3 പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസ് 1960 ചട്ടം 10(1)(എ) പ്രകാരം അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. ടി സസ്പെൻഷൻ ഉത്തരവ് താങ്കളുടെ മേൽവിലാസത്തിലേക്ക് രജിസ്റ്റേഡ് പോസ്റ്റായി 05.06.2018 തീയ്യതിയിൽ അയച്ചിട്ടുള്ളതും, ആയത് കൈപ്പറ്റാനാളില്ലാതെ 'Left India' എന്ന് രേഖപ്പെടുത്തി തിരികെ വന്നിട്ടുള്ളതുമാണ്.

അച്ചടക്ക നടപടികളുടെ ഭാഗമായി താങ്കൾക്ക് സൂചന 4 പ്രകാരം കുറ്റാരോപണ മെമ്മൊയും, കുറ്റാരോപണ പത്രികയും 16.11.2018 തീയ്യതിയിൽ അയച്ചു നല്കിയിരുന്നതും, ആയത് കൈപ്പറ്റാതെ തിരികെ വന്നിട്ടുള്ളതുമാണ്. തുടർന്ന് ടി കുറ്റാരോപണ മെമ്മോയും, പത്രികയും നടത്തി മടക്കി സമർപ്പിക്കുവാൻ മാള എക്സൈസ് റേഞ്ച് ഇൻസ്പെക്ടറെ സൂചന 5 കത്ത് പ്രകാരം ചുമതലപ്പെടുത്തിയിരുന്നതും, താങ്കൾ തൽസമയം ജോലി സംബന്ധമായി ലണ്ടനിലായിരുന്നതിനാൽ ആയത് നേരിൽക്കണ്ട് നടത്തുവാൻ സാധിക്കാതിരുന്നതു കൊണ്ട് താങ്കൾ താമസിച്ചിരുന്ന കുന്നത്തുനാട് താലൂക്ക്, ചേലമറ്റം വില്ലേജ്, ഒക്കൽ പഞ്ചായത്തിലെ 16/96 നമ്പർ വീട്ടിൽ സാക്ഷികളുടെ സാന്നിധ്യത്തിൽ പതിച്ച് നടത്തിയിട്ടുള്ളതാണ്.

തുടർന്ന് കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസ് 1960 ചട്ടം 15 പ്രകാരമുള്ള ഫോർമൽ എൻക്വറിക്ക് തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണറെ ഫോർമൽ എന്ക്വറി ഓഫീസറായി സൂചന 6 ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 7 പ്രകാരം അന്വേഷണ റിപ്പോർട്ട് ഈ ഓഫീസിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

ഫോർമൽ എൻക്വറി ഓഫീസർ താങ്കൾക്കെതിരെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കല്ലം,നിയന്ത്രണവും,അപ്പീലും) റൂൾസ് 1960 പ്രകാരം 12.12.2020 തീയ്യതിയായിട്ടുള്ള പരിഷ്കരിച്ച കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും തയ്യാറാക്കി രജിസ്റ്റേഡ് തപാലായി അയച്ചത് താങ്കൾ കൈപ്പറ്റാതെ 19.12.2020 തീയ്യതി തിരികെ ലഭിച്ചിട്ടുള്ളതും, തുടർന്ന് താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി താങ്കൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതിനുവേണ്ടി 23.01.2021 തീയ്യതി *ഫോർമൽ എൻക്വയറി ഓഫീസർ മുമ്പാകെ ഹാജരാകുന്നതിനായി* 15.01.2021 തീയ്യതിയായി നോട്ടീസ് താങ്കളുടെ കുന്നത്തുനാട് താലൂക്ക്, ചേലമറ്റം വില്ലേജ്, ഒക്കൽ പഞ്ചായത്തിലെ 16/96 നമ്പർ വീട്ടിന്റെ പ്രധാന വാതിലിൽ സാക്ഷികളുടെ സാന്നിധ്യത്തിൽ പതിച്ച് നടത്തിയിട്ടുള്ളതാണ്. എന്നാൽ 23.01.2021 തീയ്യതിയിൽ താങ്കൾ എൻക്വയറി ഓഫീസർ മുമ്പാകെ ഹാജരായിട്ടില്ലാത്തതും, ഹാജരാകാത്തതിന് കാരണം രേഖാമൂലം അറിയിച്ചിട്ടില്ലാത്തതുമാണ്. താങ്കളുടെ സേവനപുസ്തകം പരിശോധിച്ചതിൻ പ്രകാരം 14.07.2003 തീയ്യതി മുതൽ 30.09.2006 തീയ്യതി വരെ 3 വർഷവും 2 മാസവും 17 ദിവസവും മാത്രം സർക്കാർ സർവ്വീസിൽ എക്സൈസ് ഗാർഡായി ജോലി ചെയ്തിട്ടുള്ളതായി കാണുന്നു.

ഇപ്രകാരം അവധി അനുവദിച്ച് ലഭിക്കാതെ *01.10.2011* തീയ്യതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതും, അച്ചടക്ക നടപടികളുമായി സഹകരിക്കാതിരുന്നതും ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും, അവധി അനുവദിച്ച KSR Part I Appendix XII A-ലെ വ്യവസ്ഥകളുടെ ലംഘനവുമാണെന്നും, മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നിട്ടുള്ളത് കുറ്റാരോപണ മെമ്മോയിലും, കുറ്റാരോപണ പത്രികയിലും ആരോപിക്കുന്ന പ്രകാരമുള്ള കുറ്റങ്ങൾ തെളിഞ്ഞിട്ടുള്ളതിനാൽ, സൂചന 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ച ശേഷം 01.10.2011 തീയ്യതി മുതൽ നാളിതുവരെ 9 വർഷവും, 11 മാസവും, 14 ദിവസും അനധികൃതമായി ജോലിക്ക് ഹാജരാകാത്ത താങ്കൾ സർക്കാർ സർവ്വീസിൽ തുടരാൻ തല്പരനല്ലെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ KSR Part I Appendix XII A-ലെ Rule 9 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് കേരള സിവിൽ സർവ്വീസ് (തരംതിരിക്കല്ലം,നിയന്ത്രണവും,അപ്പീലും) റൂൾസ് 1960 പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ഫോർമൽ എൻക്വയറി ഓഫീസറായ തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ മാള എക്സൈസ് റേഞ്ച് ഓഫീസിൽ ലാവണമുള്ള സിവിൽ എക്സൈസ് ഓഫീസറായ ശ്രീ.ജസ്റ്റിൻ.സി.പോൾ എന്ന താങ്കളുടെ കേരള സംസ്ഥാന *എക്സൈസ് വകുപ്പിലെ സേവനം 01.10.2011 തീയ്യതി* പ്രാബല്യത്തിൽ വച്ച് അവസാനിപ്പിക്കുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകാതിരിക്കുവാൻ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റിയോ, അല്ലെങ്കിൽ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകമോ ചുവടെ ഒപ്പ് വച്ചിരിക്കുന്ന വ്യക്തിയെ നേരിൽകണ്ട്

ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഒന്നുംതന്നെ ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ സർവ്വീസിൽ നിന്നും താങ്കളെ പിരിച്ചുവിട്ടതായി എടുത്ത താത്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

EXCISE DIVISION OFFICE THRISSUR

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
തൃശ്ശൂർ

ഗ്രാഹകൻ- വ്യക്തിഗതം (സൂചന 7 റിപ്പോർട്ടിന്റെ പകർപ്പ് സഹിതം)

പകർപ്പ് സമർപ്പിക്കുന്നത്

1.എക്സൈസ് കമ്മീഷണർ(ഉപരിപത്രം സഹിതം)

പകർപ്പ്

1.അസി.എക്സൈസ് കമ്മീഷണർ,തൃശ്ശൂർ

2.എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് റേഞ്ച് ഓഫീസ്, മാള

3.സ്റ്റോക്ക് ഫയൽ

1730/F2/2021/D4 PRD
Malayala Manorama } AK
Deshabhimani
5 X 2

~~എക്സൈസ് വകുപ്പ്~~

~~Window No. IPRD/~~

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ

എക്സൈസ് ഡിവിഷൻ ഓഫീസ്,

തൃശ്ശൂർ

കേരള സർവ്വീസ് റൂൾ പാർട്ട്-1 അപ്പെൻഡിക്സ് XII A പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ച് അവധി കാലാവധി കഴിഞ്ഞ് 01.10.2011 തീയ്യതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന എക്സൈസ് വകുപ്പിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ജസ്റ്റിൻ.സി.പോളിനെതിരെയുള്ള അച്ചടക്ക നടപടി.

ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം വിശദീകരണം സമർപ്പിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്കായി താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക.

***www.kerala.gov.in*** / Resources / Others / Disciplinary Action

21/4/21

DEPUTY COMMISSIONER OF EXCISE
THRISSUR

8 X 40